പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1002

30.06.2015-ലെ മറുപടിയ്ക്ക്

## വനങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വനങ്ങൾ കേന്ദ്രീകരിച്ച് ടൂറിസ്റ്റുകൾ എത്തുന്നതിൽ ഗണ്യമായ വർദ്ധനവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സാദ്ധ്യത പ്രയോജനപ്പെടുത്തി വനപ്രദേശങ്ങളിൽ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (ബി) | ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വാഹകശേഷിക്ക് അനുസൃതമായാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം കാണാനും ആസ്വദിക്കാനുമാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നത്. ആയതിനാൽ പ്രസ്തുത പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ സന്ദർശകരെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | ഇത്തരം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഇക്കോടൂറിസം കേന്ദ്രങ്ങൾ ഭൂരിഭാഗവും വനമേഖലകളിലായതിനാൽ. സാധാരണ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും ഭിന്നമായി |

പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദസഞ്ചാര പ്രവർത്തനങ്ങളാണ് ഏർപ്പെടുത്തി യിട്ടുള്ളത്. ട്രക്കിംഗ്, ബോട്ടിംഗ്, അക്വേറിയം, ഇന്റർ പ്രട്ടേഷൻ സെന്റർ, വ്യൂപോയിന്റ്, തൂക്കുപാലം, ടെന്റുകളിലുള്ള താമസം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, വാച്ച് ടവർ, **ടോയ്‌ലറ്റ്** തുടങ്ങിയ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

(ഡി) ഈ സാദ്ധ്യത ഉപയോഗപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഇക്കോടൂറിസം മേഖലയിലെ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാനത്തെ 105 സ്ഥലങ്ങളിൽ ഇക്കോ ടൂറിസത്തിന്റെ വികസന സാധ്യതകൾ കണ്ടെത്തി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ